# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2767

09-05-2017 ൽ മറുപടിയ്ക്ക്

# ചെറുകിട – വൻകിട തുറമുഖങ്ങൾ വികസിപ്പിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. എ.പി. അനിൽകുമാർ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചെറുകിട – വൻകിട തുറമുഖങ്ങൾ വികസിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ; | (എ) ചെറുകിട തുറമുഖങ്ങളാണ് തുറമുഖ വകുപ്പിന്റെ കീഴിലുള്ളത്. തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങൾ ഘട്ടംഘട്ടമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. പദ്ധതിയുടെ ഭാഗമായി ടി തുറമുഖങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ, ഏതെല്ലാം തുറമുഖ ങ്ങളാണ് ചരക്ക് ഗതാഗത പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) വിഴിഞ്ഞം , കൊല്ലം , ബേപ്പൂർ , അഴീക്കൽ , കൊടുങ്ങല്ലൂർ , പൊന്നാനി എന്നീ തുറമുഖങ്ങളാണ് ചരക്ക് ഗതാഗത പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നത്. |
| (സി) ഏതൊക്കെ തുറമുഖങ്ങളാണ് തീരദേശയാത്രാ കപ്പൽ സർവ്വീസിനുവേണ്ടി വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) വിഴിഞ്ഞം , കൊല്ലം , കൊടുങ്ങല്ലൂർ , ബേപ്പൂർ , അഴീക്കൽ, ആലപ്പുഴ എന്നീ തുറമുഖങ്ങളാണ് തീരദേശ യാത്രാക്കപ്പൽ സർവ്വീസിനുവേണ്ടി വികസിപ്പിക്കുന്നത് . |

സെക്ഷൻ ഓഫീസർ